**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2110** **03-03-2025 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജനറൽ ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് അനുമതി ലഭിച്ച എറണാകുളം ജനറൽ ആശുപത്രിയിൽ പൊതുജനങ്ങൾക്ക് പ്രസ്തുത സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ സ്റ്റാഫ് പാറ്റേൺ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ ആവശ്യത്തിലേക്കും ആശുപത്രിയുടെ വികസനത്തിന്റെ ഭാഗമായും സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സുഗമമായി നടത്തുന്നതിലേയ്ക്കായി സ്ഥിരം തസ്തികയിലുള്ള ജീവനക്കാർക്ക് പുറമേ ജോലിക്രമീകരണ വ്യവസ്ഥയിലും, കോൺട്രാക്ട് വ്യവസ്ഥയിലും, ആശുപത്രി വികസന സമിതി മുഖേനയും ഡോക്ടർമാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന നവകേരളം കർമ്മ പദ്ധതിയിലെ ആർദ്രം മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചതോടെ ആർദ്രം ദൗത്യരേഖ മാനദണ്ഡമായി സ്വീകരിച്ച് ഘട്ടം ഘട്ടമായി തസ്തികകൾ സൃഷ്ടിച്ചും വരുന്നു. |
| (ബി) | ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട പൊതുതാൽപര്യ ഹർജിയിന്മേൽ ഒരു വർഷത്തിനകം രണ്ട് കാർഡിയോ തൊറാസിക് സർജൻമാരും ഒരു അനസ്തെറ്റിസ്റ്റും ഉൾപ്പെടെ ആവശ്യത്തിന് ജീവനക്കാരെ പ്രസ്തുത ആശുപത്രിയിൽ നിയമിക്കുമെന്ന സർക്കാരിന്റെ ഉറപ്പിന്മേലുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | 2021 സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എറണാകുളം ജനറൽ ആശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചതിനെ തുടർന്ന് ആശുപത്രി വികസന സൊസൈറ്റിയുടെ തീരുമാന പ്രകാരമാണ് എറണാകുളം ജനറൽ ആശുപത്രിയിൽ കാർഡിയോവാസ്കുലാർ ആൻഡ് തൊറാസിക് സർജറി വിഭാഗം ആരംഭിക്കുന്നത്. കാർഡിയോ തൊറാസിക് വാസ്കുലാർ സർജറി നടത്തുന്നതിന് എല്ലാ സൗകര്യങ്ങളും ഉള്ള ഓപ്പറേഷൻ തീയറ്റർ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ സജ്ജമാക്കിയിട്ടുള്ളതും, രണ്ട് കാർഡിയോളജിസ്റ്റുമാരുടെ സ്ഥിരം തസ്തിക മാത്രമുള്ള ഈ സ്ഥാപനത്തിൽ ചുവടെ അനുബന്ധത്തിൽ പറയുന്ന ജീവനക്കാരെ കോൺട്രാക്ട് അടിസ്ഥാനത്തിലും ആശുപത്രി വികസന സൊസൈറ്റി മുഖാന്തരവും ലഭ്യമാക്കിയാണ് കാർഡിയോവാസ്കുലാർ ആൻഡ് തൊറാസിക് സർജറി വിഭാഗം പ്രവർത്തിച്ചുവരുന്നത്. |
| (സി) | ആരോഗ്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത ആശുപത്രിയിൽ വൈദ്യുതി ചാർജ് ഇനത്തിൽ 11.50 കോടിയോളം രൂപ | (സി) | കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | കുടിശ്ശിക ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അടയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | |
| (ഡി) | പ്രസ്തുത കുടിശ്ശിക അടയ്ക്കാത്തത് മൂലം വൈദ്യുതി വിഛേദിക്കുവാൻ സാധ്യതയുള്ളതിനാൽ ഇത് സംബന്ധിച്ച് സംസ്ഥാന വൈദ്യുത ബോർഡുമായി ചർച്ച നടത്തുകയോ വൈദ്യുതി വിഛേദിക്കരുതെന്ന് ആവശ്യപ്പെടുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ഡി) | ഈ വിഷയം സംബന്ധിച്ച് വൈദ്യുതി ബോർഡുമായി ചർച്ച നടത്തുകയും വൈദ്യുതി വിഛേദിക്കരുതെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. - |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | |
|---|---|
| കാർഡിയാക് തൊറാസിക് സർജൻ | 3 (2 കോൺട്രാക്ട് നിയമനം, 1 ആശുപത്രി വികസന സൊസൈറ്റി നിയമനം) |
| കാർഡിയാക് അനസ്തെറ്റിസ്റ്റ് | 3 (2 കോൺട്രാക്ട് നിയമനം, 1 ആശുപത്രി വികസന സൊസൈറ്റി നിയമനം) |
| പെർഫ്യൂഷനിസ്റ്റ് | 2 ( ആശുപത്രി വികസന സൊസൈറ്റി നിയമനം) |
| തൊറാസിക് അസിസ്റ്റന്റ് | 1 ( ആശുപത്രി വികസന സൊസൈറ്റി നിയമനം) |
| ഫിസിയോതെറാപ്പിസ്റ്റ് | 1 ( ആശുപത്രി വികസന സൊസൈറ്റി നിയമനം) |
| റെസ്പിറേറ്ററി തെറാപ്പിസ്റ്റ് | 1 ( ആശുപത്രി വികസന സൊസൈറ്റി നിയമനം) |
| അനസ്തേഷ്യ ടെക്നീഷ്യൻ | 1 ( ആശുപത്രി വികസന സൊസൈറ്റി നിയമനം) |
| ഫിസിഷ്യൻ അസിസ്റ്റന്റ് | 1 ( ആശുപത്രി വികസന സൊസൈറ്റി നിയമനം) |
| സ്റ്റാഫ് നഴ്സ് | 24 ( ആശുപത്രി വികസന സൊസൈറ്റി നിയമനം) |
| സീനിയർ നേഴ്സിങ് ഓഫീസർ | 2 (സ്ഥിരം തസ്തിക) |
| മൾട്ടി പർപ്പസ് വർക്കർ | 7 ( ആശുപത്രി വികസന സൊസൈറ്റി നിയമനം) |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | |
|---|---|
| കാർഡിയാക് തൊറാസിക് സർജൻ | 3 (2 കോൺട്രാക്റ്റ് നിയമനം, 1 ആശുപത്രി വികസന സൊസൈറ്റി നിയമനം) |
| കാർഡിയാക് അനസ്റ്റേറ്റിസ്റ്റ് | 3 (2 കോൺട്രാക്റ്റ് നിയമനം, 1 ആശുപത്രി വികസന സൊസൈറ്റി നിയമനം) |
| പെർഫ്യൂഷനിസ്റ്റ് | 2 ( ആശുപത്രി വികസന സൊസൈറ്റി നിയമനം) |
| തൊറാസിക് അസിസ്റ്റന്റ് | 1 ( ആശുപത്രി വികസന സൊസൈറ്റി നിയമനം) |
| ഫിസിയോതെറാപ്പിസ്റ്റ് | 1 ( ആശുപത്രി വികസന സൊസൈറ്റി നിയമനം) |
| റെസ്പിറേറ്ററി തെറാപ്പിസ്റ്റ് | 1 ( ആശുപത്രി വികസന സൊസൈറ്റി നിയമനം) |
| അനസ്തേഷ്യ ടെക്നീഷ്യൻ | 1 ( ആശുപത്രി വികസന സൊസൈറ്റി നിയമനം) |
| ഫിസിഷ്യൻ അസിസ്റ്റന്റ് | 1 ( ആശുപത്രി വികസന സൊസൈറ്റി നിയമനം) |
| സ്റ്റാഫ് നഴ്സ് | 24 ( ആശുപത്രി വികസന സൊസൈറ്റി നിയമനം) |
| സീനിയർ നേഴ്സിങ് ഓഫീസർ | 2 (സ്ഥിരം തസ്തിക) |
| മൾട്ടി പർപ്പസ് വർക്കർ | 7 ( ആശുപത്രി വികസന സൊസൈറ്റി നിയമനം) |

Shaila. M

സെക്ഷൻ ഓഫീസർ